II ഇ.ബി. XIV-കേരള നിയമസഭ /II-11

# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2016 ഒക്ടോബർ 21, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

32 (*421) നെൽവയൽ തണ്ണീർത്തട സംരക്ഷണം

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) നൽകിയ മറുപടിയിൽ, നെൽവയൽ/തണ്ണീർത്തടത്തിന്റെ സംരക്ഷണത്തിനായി 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രാവർത്തികമാക്കുന്നുണ്ടെന്നും ഭൂവിനിയോഗ നിയന്ത്രണങ്ങളിലെ ഇളവ് പ്രസ്തുത നിയമപ്രകാരമായിരിക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിനുള്ള നടപടികൾ കൃഷി വകുപ്പ് കൈക്കൊണ്ടുവരുന്നതായും സഭയെ അറിയിച്ചു. സാറ്റലൈറ്റ് ഡാറ്റാ ഉപയോഗിച്ച് കെ.എസ്.ആർ.ഇ.സി.

മുഖേന തിരുവനന്തപുരം ജില്ലയിലെ ആറ്റിപ്ര വില്ലേജ്, എറണാകുളം ജില്ലയിലെ വേങ്ങൂര് വില്ലേജ് എന്നിവിടങ്ങളിലെ ഡാറ്റാ ബാങ്ക് വാലിഡേറ്റ് ചെയ്തുവരുന്നു. ഡാറ്റാ ബാങ്ക് തയ്യാറാക്കിയിട്ടില്ലാത്ത പ്രദേശങ്ങളിൽ ആവശ്യമായ ഫീൽഡ് പരിശോധന നടത്തി കുറ്റമറ്റ ഡാറ്റാ ബാങ്ക് തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതിന് കൃഷി/തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഇത് 2017 മാർച്ച് മാസത്തോടെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നതായും മന്ത്രി അറിയിച്ചു. നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സുസ്ഥിര നെൽകൃഷി വികസനം, പ്രത്യേക നെല്ലിനങ്ങളുടെ വികസനം, വികസന ഏജൻസികൾക്കുള്ള ധനസഹായം, പാടശേഖരസമിതികൾക്കുള്ള പ്രവർത്തനച്ചെലവ്, ആർ.കെ.വി.വൈ. പദ്ധതി പ്രകാരമുള്ള തരിശുനില നെൽകൃഷി വികസനം, നെൽകൃഷി ഉത്പാദന ബോണസ്, ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നുണ്ട്. റീസർവ്വേ സംബന്ധിച്ച ആക്ഷേപങ്ങൾ പരിശോധിച്ചുവരികയാണെന്നും റാംസർ സങ്കേതങ്ങളായി പ്രഖ്യാപിച്ചവയുടെ സംരക്ഷണ നടപടികൾ, ഭൂമിയുടെ ക്ലാസിഫിക്കേഷൻ എന്നിവ സംബന്ധിച്ച് പരിശോധിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. 2008-നുമുമ്പുള്ള

നെൽവയലുകൾ റെഗുലറൈസ് ചെയ്യുന്നതിനുവേണ്ടി കൊണ്ടുവന്ന നിയമത്തിലെ 3(a) സെക്ഷനിലെ അപാകതകൾമൂലം റഗുലറൈസേഷൻ നടക്കാതെ വന്നിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത സെക്ഷൻ പിൻവലിക്കുമെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് കൃഷി വകുപ്പുമന്ത്രി വ്യക്തമാക്കി.

33 (*422) സ്വകാര്യ ബസ്സുകളുടെ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിന് നടപടി

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) നൽകിയ മറുപടിയിൽ, സ്വകാര്യ ബസ്സുകളിൽ വിദ്യാർത്ഥികളെ അധിക്ഷേപിക്കുന്നത് സംബന്ധിച്ച പരാതികളിന്മേൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിന് മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ജില്ലാകളക്ടർ അദ്ധ്യക്ഷനായ ജില്ലാതല സ്റ്റുഡന്റ് ട്രാവൽ ഫെസിലിറ്റി കമ്മിറ്റി അതാത് ജില്ലകളിലെ സാഹചര്യങ്ങൾ പരിശോധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നതോടൊപ്പം തിരക്കേറിയ സമയങ്ങളിൽ വിദ്യാർത്ഥികളുടെ യാത്രാ സുരക്ഷയ്ക്കായി പോലീസ്, ഹോം ഗാർഡ് എന്നിവരുടെ സാന്നിധ്യം ഉറപ്പുവരുത്തുകയും ചെയ്യുന്നു. സ്വകാര്യ ബസ്സുകളിൽ സ്ത്രീകൾ, വൃദ്ധജനങ്ങൾ, അംഗപരിമിതർ എന്നിവർക്കായി നിയമാനുസൃതം സംവരണം ചെയ്ത സീറ്റുകളെക്കുറിച്ചുള്ള വിവരങ്ങൾ ഓരോ ബസ്സിലും പ്രദർശിപ്പിക്കുന്നുണ്ട്. 10.04.2013-ലെ ഉത്തരവ് പ്രകാരം പ്രസ്തുത സീറ്റുകൾ അവർ ആവശ്യപ്പെടുമ്പോൾ

ഒഴിഞ്ഞുകൊടുക്കാതെ മറ്റുള്ളവർ യാത്രചെയ്യുന്നത് 1988-ലെ മോട്ടോർ വാഹന നിയമപ്രകാരം 100 രൂപ പിഴ ഈടാക്കാവുന്ന കുറ്റമാണെന്ന് എല്ലാ സ്റ്റേജ് കാര്യേജുകളുടെയും ഉൾവശത്ത് വ്യക്തമായി കാണത്തക്കവിധം പ്രദർശിപ്പിക്കണമെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ടെന്നും ഇതുസംബന്ധിച്ച പരാതികൾക്ക് ബന്ധപ്പെട്ട വകുപ്പുകൾ നടപടി സ്വീകരിക്കുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ഹരിത ട്രൈബ്യൂണൽ വിധി നടപ്പാക്കുന്നതിൽ പ്രായോഗിക ബുദ്ധിമുട്ടുണ്ടെങ്കിലും പരിസ്ഥിതിസൗഹൃദ ഇന്ധനങ്ങൾ ഉപയോഗിച്ച് മലിനീകരണം തടയുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുമെന്നും കെ.എസ്.ആർ.ടി.സി.-ൽ പരീക്ഷണാടിസ്ഥാനത്തിൽ ഏർപ്പെടുത്തിയിരിക്കുന്ന ജി.പി.എസ് സംവിധാനം വിജയകരമായാൽ സ്വകാര്യ ബസ്സുകളിലും ഏർപ്പെടുത്താൻ നിർദ്ദേശിക്കുമെന്നും അന്തർസംസ്ഥാന സർവ്വീസുകളിൽ അമിത ചാർജ് ഈടാക്കുന്നതിനെതിരെ നടപടി സ്വീകരിക്കുമെന്നും റോഡിന്റെ സൗകര്യം പരിമിതമായതിനാൽ Speed Governor ഘടിപ്പിക്കുന്നത് അപ്രായോഗികമാണെന്നാണ് ഈ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ അഭിപ്രായമെന്നും ബസ്സുകളുടെ മത്സര ഓട്ടവും സ്പീഡും നിയന്ത്രിക്കുന്നതിനും അപകടങ്ങൾ കുറയ്ക്കുന്നതിനും നടപടി സ്വീകരിക്കുമെന്നും പെർമിറ്റ് നിബന്ധനകൾ പാലിക്കുന്നതിന് എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

34(*423) <u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ</u>

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) നൽകിയ മറുപടിയിൽ, പതിനാലാം ധനകാര്യ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ 2015-16 ലെ കേന്ദ്ര ബഡ്ജറ്റിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ടിംഗ് പാറ്റേണിൽ മാറ്റം വരുത്തുകയും ചില പദ്ധതികൾ നിർത്തലാക്കുകയും ചെയ്തിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ജവഹർലാൽ നെഹ്റു ദേശീയ നഗര പുനരുദ്ധാരണ മിഷൻ (ജെ.എൻ.എൻ.യു.ആർ.എം.), ചെറുതും ഇടത്തരവുമായ നഗരങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതി (യു.ഐ.ഡി.എസ്.എസ്.എം.റ്റി), സ്വർണ്ണ ജയന്തി ഷഹരി റോസ്ഗാർ യോജന (എസ്.ജെ.എസ്.ആർ.വൈ)/പിന്നോക്കമേഖല വികസന നിധി (ബി.ആർ.ജി.എഫ്), രാജീവ് ഗാന്ധി പഞ്ചായത്ത് ശാക്തീകരൺ അഭിയാൻ (ആർ.ജി.പി.എസ്.എ), National Urban Information System (NUIS), Providing Urban Amenities in Rural Areas (PURA), ജവഹർലാൽ നെഹ്റു ദേശീയ നഗര പുനരുദ്ധാരണ മിഷന്റെ കീഴിലുള്ള ഐ.എച്ച്.എസ്.ഡി (Integrated Housing and Slum Development), രാജീവ് ആവാസ് യോജന (ആർ.എ.വൈ), എസ്.എം.ബി.എസ്.യു.പി (Sub Mission on Basic Services to Urban Poor) എന്നിവ നിർത്തലാക്കിയിട്ടുണ്ട്. നിർത്തലാക്കിയ പദ്ധതികൾ സംസ്ഥാനത്തിന്

ആവശ്യമുള്ള പക്ഷം 50:50 എന്ന കേന്ദ്ര സംസ്ഥാന വിഹിതാനുപാതത്തിൽ നടപ്പിലാക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ഇതിനാവശ്യമായ ഫണ്ട് ബഡ്ജറ്റിൽ നീക്കിവച്ചിട്ടില്ല. നിർത്തലാക്കിയ ജെ.എൻ.എൻ.യു.ആർ.എം.ന് പകരം സ്മാർട്ട്സിറ്റി മിഷനും അമൃതാ പദ്ധതിയും എസ്.ജെ.എസ്.ആർ.വൈ.-യ്ക്ക് പകരം National Urban Livelihood Mission, ആർ.ജി.പി.എസ്.എ.-യ്ക്ക് പകരം ആർ.ജി.എസ്.എ. (രാഷ്ട്രീയ ഗ്രാമസ്വരാജ് അഭിയാൻ) എന്നിവയും ആരംഭിച്ചിട്ടുണ്ട്. രാജ്യത്തെ മൊത്തത്തിൽ കണക്കിലെടുത്തുകൊണ്ട് രൂപീകരിക്കുന്ന നിയമങ്ങൾക്കനുസൃതമായിട്ടേ കേന്ദ്ര പദ്ധതികൾ നടപ്പിലാക്കാൻ കഴിയുകയുള്ളുവെന്നും ഓരോ സംസ്ഥാനങ്ങൾക്കും അവരവരുടെ താല്പര്യങ്ങൾക്കനുസരിച്ച് നിയമത്തിൽ ഭേദഗതി വരുത്താൻ കഴിയില്ലെന്നും പി.എം.കെ.വി.വൈ.-ക്കുവേണ്ടി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ദേശീയ തൊഴിലുറപ്പ് പദ്ധതിയനുസരിച്ച് 10,500 കോടി രൂപ ലഭിച്ചിട്ടുണ്ടെന്നും ഇത്രയും തുക ചെലവഴിച്ചിട്ടും 20 ശതമാനംപോലും അസറ്റ് ക്രിയേഷൻ നടക്കാത്തതിനാൽ പദ്ധതി പ്രവൃത്തികൾ റീസ്ട്രക്ച്ചർ ചെയ്ത് പൈലറ്റ് പ്രോജക്ടിനായി 27 ബ്ലോക്കുകൾ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ടെന്ന് മന്ത്രി അറിയിച്ചു. തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ 30 ശതമാനം നിർബന്ധമായും ഉല്പാദനമേഖലയ്ക്ക് നീക്കിവയ്ക്കണമെന്നും അതിൽ 20 ശതമാനം

കാർഷിക മേഖലയ്ക്കും 10 ശതമാനം വേസ്റ്റ് മാനേജ്മെന്റിനും നീക്കിവയ്ക്കണമെന്നമാണ് തീരുമാനിച്ചിട്ടുള്ളതെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 3845 മുതൽ 4093 വരെയുള്ള ചോദ്യങ്ങളിൽ 11 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)